അതോറിറ്റി നിർദ്ദേശം കൊടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ അങ്കമാലിയിലെ പരിസര പഞ്ചായത്തുകളിലും അങ്കമാലി ടൗണിലും ശുദ്ധജലവിതരണം പൂർണ്ണമായും നടത്താനും ആശ്വാസം കണ്ടെത്താനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. എം.വി. മാണി: അങ്കമാലി മുനിസിപ്പാലിറ്റിയിൽ ഇന്നത്തെ രീതിയിലാണെങ്കിൽ ഒരുതുള്ളിവെള്ളം പോലും കൊടുക്കാൻ സാധിക്കാത്ത സ്ഥിതി ഉണ്ട്. ഡിസ്ട്രിബ്യൂഷൻ ഒന്നുമായിട്ടില്ല. ശുദ്ധജലം കൊടുക്കാനുള്ള ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിലെ പൈപ്പ് ഒട്ടും തന്നെ ഇട്ടിട്ടില്ല. അടിയന്തിരമായി അതിന് നടപടികൾ നടത്തിയില്ലെങ്കിൽ ഈ വേനൽക്കാലത്തും വെള്ളം കൊടുക്കാൻ സാധിക്കുകയില്ല.

ശ്രീ. എം.പി. ഗംഗാധരൻ: ഡിസ്ട്രിബ്യൂഷൻ പ്രവൃത്തി മൂന്നു നാല് മാസംകൊണ്ട് പൂർത്തീകരിക്കാനും ഈ വേനൽക്കാലത്തുതന്നെ വെള്ളം കൊടുക്കുവാനും സാധിക്കുമെന്നാണ് പ്രതീക്ഷ.

III. സബ്മിഷൻ

(1) പാലക്കാടു ജില്ലയിലെ മുഞ്ഞബാധയെക്കുറിച്ച്

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പാലക്കാട് ജില്ലയിലെ നെൽകൃഷി മുഴുവൻ നശിച്ചുകൊണ്ടിരിക്കുകയാണ്. മുഞ്ഞരോഗം അവിടെ വ്യാപകമായി പടർന്നുപിടിക്കുകയാണ്. ദിവസംതോറും നൂറുകണക്കിന് ഏക്കർ സ്ഥലത്ത് ഈ രോഗം പടർന്നുപിടിച്ച് നെൽകൃഷി നശിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നാണെങ്കിൽ യാതൊരു സഹായവും ചെയ്യുന്നില്ല. അഞ്ചേക്കറുള്ള, എന്റെ അടുത്തുള്ള, കൃഷിക്കാരൻ അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ നിർദ്ദേശപ്രകാരം 4,000 രൂപക്ക് മരുന്നുവാങ്ങിച്ചു തളിച്ചു. ആ മരുന്നുംപോയി കൃഷിയും നശിച്ചുപോയ അനുഭവമാണുണ്ടായത്. ഈ രോഗം വ്യാപകമായി പടർന്നുപിടിക്കുകയാണ്. സാധാരണ ചെറുകിട കർഷകർക്ക് മരുന്നു വാങ്ങിച്ച് അടിക്കാൻ പറ്റാത്ത ഒരു സ്ഥിതിയാണുള്ളത്. അതുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അടിയന്തിര നടപടിയെടുത്ത് ഇനിയെങ്കിലും രോഗം പടർന്നുപിടിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മിനിസ്റ്റർ പിന്നീട് മറുപടി പറയും.

(2) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ യാത്രാക്ലേശം

ശ്രീ. വി.വി. ജോസഫ്: സർ, 47 ബസ്സുകൾ സർവ്വീസ് നടത്തുന്ന മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഇന്നലെ 18 ബസ്സുകളാണ് ഓടിയത്. ടയർ ഇല്ലാത്തതുകൊണ്ടും സ്പെയർ പാർട്സ് ഇല്ലാത്തതുകൊണ്ടും മറ്റുള്ള ബസ്സുകളെല്ലാം ഷെഡ്ഡിൽ കയറിയിരിക്കുകയാണ്. ദീർഘദൂര ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളൊന്നും ഓടുന്നില്ല. ദേശസാൽകൃത റൂട്ടുകളിൽ ബസ്സില്ലാത്തതുകൊണ്ട് ആളുകൾ കാത്തുനിന്ന് വലയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അപൂർവ്വമായി ഒന്നുരണ്ടു ബസ്സുകൾ വന്നാൽ ബസ്സ് കിട്ടാതെ നിൽക്കുന്ന വിദ്യാർത്ഥികൾ അത് തടഞ്ഞിടുന്നതുകൊണ്ട് ദൂരെ നിന്നു വരുന്ന ആളുകളെല്ലാം വഴിയിൽ കിടക്കുകയാണ് ചെയ്യുന്നത്. ദേശസാൽകൃത റൂട്ടുകളായ കോട്ടയം, ആലുവ, എറണാകുളം റൂട്ടുകളിൽ ബസ്സില്ലാതെ ആളുകൾ വിഷമിക്കുകയാണ്. അതിനും ടയർ ഇല്ല, സ്പെയർ പാർട്ട്സ് ഇല്ല എന്നാണ് കാരണം പറയുന്നത്. ഒരു ജനപ്രതിനിധി എന്നുള്ള നിലയിൽ എനിക്ക് മൂവാറ്റുപുഴ ട്രാൻസ്പോർട്ട് ബസ്സ് സ്റ്റാൻഡിൽ ചെല്ലാൻ പറ്റാത്ത സാഹചര്യമാണുള്ളത്. ഈ നില മാറിയില്ലെങ്കിൽ പഞ്ചാബിലെ തിരഞ്ഞെടുപ്പ് സ്ഥാനാർത്ഥികൾക്ക് കൊടുത്തതുപോലുള്ള അംഗരക്ഷകനേയോ പടച്ചട്ടയോ നൽകേണ്ടിവരും. അതുകൊണ്ട് ദയവായി ഈ ദുരിതത്തിൽനിന്നും ഒരു എം.എൽ.എ. എന്നുള്ളനിലയിൽ എന്നെ രക്ഷിക്കണം. അവിടെ ആവശ്യമായ ടയറും സ്പെയർ പാർട്ട്സും കൊടുത്ത് ബസ്സുകൾ ഓടിക്കാനുള്ള നടപടികൾ എടുത്തില്ലെങ്കിൽ എന്റെ ദേഹരക്ഷയ്ക്കുവേണ്ട നടപടികൾ ഉണ്ടാകണം.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ): സർ, അദ്ദേഹത്തിന്റെ ദേഹത്തിന് യാതൊരു കുഴപ്പവും ഉണ്ടാകില്ല. കേരള സംസ്ഥാനത്ത് 58 യൂണിറ്റ് ആഫീസുകളിലുമുള്ള സ്ഥിതി ഏതാണ്ട് ഇതുപോലെയാണ്. സാമ്പത്തിക പരാധീനത ഉണ്ടാവുകയും 6 കോടി 90 ലക്ഷംരൂപ പഴയ ടാക്സ് അടയ്ക്കുകയും 4 കോടി 20 ലക്ഷം രൂപ കളക്ഷനിൽനിന്ന് ബോണ്ടസ് കൊടുക്കുകയും ചെയ്തതിന്റെ ഫലമായി 960 ബസ്സുകൾ ടയർ ഇല്ലാതെ കിടക്കുന്നുവെന്നുള്ള ദുഃഖസത്യം ഞാൻ സഭയെ അറിയിക്കുകയാണ്. അത് മനസ്സിലാക്കിയ ഗവൺമെന്റ് യാത്രക്കാരുടെ ദുരിതങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിലേക്കായി ടയറും സ്പെയർ പാർട്ട്സും വാങ്ങുന്നതിനുവേണ്ടി മൂന്നുകോടി രൂപ അനുവദിച്ചിരിക്കുകയാണെന്ന സന്തോഷകരമായ വാർത്ത ഞാൻ അറിയിക്കുകയാണ്. മൂവാറ്റുപുഴയിൽ മാത്രമല്ല, മൂലമറ്റത്തു മാത്രമല്ല, തൃശ്ശൂർ മാത്രമല്ല എല്ലാ പ്രദേശങ്ങളിലുമുള്ള ബസ്സുകൾ വളരെവേഗം ഓടിക്കുന്നതിനുള്ള എല്ലാ ഏർപ്പാടും ചെയ്യുന്നതാണ്.

(3) കയർ സംഘങ്ങളുടെ ചെക്കുകൾ കയർ ഇൻസ്പെക്ടർമാർ കൗണ്ടർ സൈൻ ചെയ്യണമെന്ന നിബന്ധന

ശ്രീ. ടി.കെ. അബ്ദു: സർ, കയർവ്യവസായം ഇന്ന് പൊതുവേ സ്തംഭനത്തിലാണ്. സഹകരണസംഘങ്ങളുടെ ബൈലാ അനുസരിച്ച് അതിന്റെ പ്രസിഡന്റിനും സെക്രട്ടറിക്കും ബാങ്കിൽനിന്ന് പണം എടുക്കുന്നതിനുള്ള സൗകര്യം നേരത്തേയുണ്ടായിരുന്നു. ഇന്ന് ആ സൗകര്യം ഇല്ലായ്മ ചെയ്തുകൊണ്ട് കയർ ഇൻസ്പെക്ടർമാർ ചെക്കിൽ ഒപ്പിട്ടെങ്കിൽ മാത്രമേ ബാങ്കിൽനിന്ന് പണം വിത്ത്ഡ്രാ ചെയ്യാൻ പാടുള്ളൂ എന്നുള്ള നിയമം വന്നതോടുകൂടി തൊണ്ടു സംഭരണത്തിന്റെ എല്ലാ സൗകര്യങ്ങളും തടയപ്പെട്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി കയർത്തൊഴിലാളികൾക്ക്, എറണാകുളം ജില്ലയിൽ, ആഴ്ചയിൽ ഒരു ദിവസംപോലും കൂലി കൊടുക്കാനുള്ള സൗകര്യം ഇന്നില്ല. ഇൻസ്പെക്ടർമാർക്കുണ്ട് കൗണ്ടർസൈൻ ചെയ്തെങ്കിൽ മാത്രമേ പണം എടുക്കുന്നതിന് സൗകര്യമുള്ളൂ. അതുകൊണ്ട് തൊഴിൽ ആകെ സ്തംഭിച്ചിരിക്കുകയാണ്. കയർത്തൊഴിലാളികൾക്ക് മലവെള്ള

LIBRARY ARCHIVES Kerala Legislative Assembly